# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

## 2025 ഡിസംബർ കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

**ഒരുക്കം :**യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന് ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം :**

**പ്രിയപ്പെട്ടവരെ,**

**വർഷചക്രത്തിൽ ഏറ്റവും പ്രത്യാശപൂർണ്ണമായ അധ്യായം തുറക്കുന്ന മാസമാണ് ഡിസംബർ. ഡിസംബർ പുണ്യമാസം പിറന്നെത്തുമ്പോൾ ലോകം കൂടുതൽ ശാന്തതയിലേക്ക് മാറുകയും, രാത്രികൾ ദൈവവരവിന്റെ രഹസ്യസൗരഭ്യം നിറഞ്ഞതാകുകയും ചെയ്യുന്നു. പ്രത്യാശയുടെ നേരിയ വെളിച്ചം ഇരുട്ടിനെ തുളച്ചുകയറുന്ന ഈ വിശുദ്ധകാലം ഇരുട്ടിൽ നടന്നിരുന്ന ജനങ്ങൾ മഹത്തായ വെളിച്ചം കണ്ടു (ഏശയ്യ 9:2) എന്ന പ്രവാചക ഗാനത്തിന്റെ നിറവിലേക്കാണ് നമ്മെ നയിക്കുന്നത്. ഓരോ ആഗമന മെഴുകുതിരിയും, മനുഷ്യഹൃദയത്തിലെ ഇരുട്ടിനെ കീഴടക്കുന്ന വിശ്വാസജ്വാലയായി തെളിയുന്നു. തിരുവെഴുത്തുകളുടെ സാന്നിധ്യം ദൈവവാഗ്ദാനങ്ങളിലെ സത്യത്തിൽ നമ്മെ ഉറപ്പിക്കുന്നു. സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങിവരുന്ന ഈ മാസത്തിൽ, നമ്മുടെ ഹൃദയത്തിൽ നവജാത ക്രിസ്തുവിന് ഒരു പുൽക്കൂട് ഒരുക്കാൻ നാം ക്ഷണിക്കപ്പെടുന്നു.**

**വി.അത്തനേഷ്യസ് പറയുന്നതുപോലെ, ദൈവപുത്രൻ മനുഷ്യപുത്രനായി; മനുഷ്യപുത്രർ ദൈവപുത്രരായി ഉയരാൻ ഡിസംബർ നമ്മോട് ശാന്തമായി മന്ത്രിക്കുന്നു. ഹൃദയം തുറന്ന് രക്ഷിതാവിന്റെ വരവിനായി മനസ്സിനെ ശുദ്ധമാക്കാം.വചനം മാംസമായി ഇവിടെ മനുഷ്യരൂപം ധരിക്കുന്നു. ക്രിസ്തുമസ് നമ്മെ പഠിപ്പിക്കുന്നതും ഇതുതന്നെ; ദൈവം കലഹത്തോടെയല്ല, മൗനത്തോടെയാണ് വരുന്നത്; ഭയപ്പെടുത്താനല്ല, ആശ്വാസിപ്പിക്കാനാണ്; അകലെ നില്ക്കാനല്ല; നമ്മോടൊപ്പം ആയിരിക്കാൻ ഇമ്മാനുവേലായി നമ്മോടൊത്തു വസിക്കുന്ന ദൈവമാകാൻ. വി.അഗസ്റ്റിൻ പറയുന്നതുപോലെ ശിശുവായി കിടക്കുന്നവനിൽ നിന്ന് വിനയം പഠിക്കൂ;**

ലോകസ്രഷ്ടാവായവൻ ഒരു ശിശുവായി നമ്മുടെ മുമ്പിൽ കിടക്കുന്നു. അവനിൽ നിന്ന് വിനയം പഠിക്കൂ. ഈ വിശുദ്ധ കാലം നമ്മുടെ ബിസിസി സമൂഹത്തിലെ ഓരോ വ്യക്തിയേയും

ആത്മപരിശോധനയിലേക്ക് ക്ഷണിക്കുന്നു. ഇന്ന് ക്രിസ്തുവിന് നമ്മുടെ ജീവിതത്തിൽ ഇടമുണ്ടോ? അവന്റെ വെളിച്ചം നമ്മെ നയിക്കാൻ നാം ഒരുക്കമാണോ? പരസ്പര ബന്ധങ്ങളിൽ അവന്റെ സമാധാനം പുതുക്കാൻ നാം മനസ്സ് വെക്കുന്നുണ്ടോ? വി. ലിയോ ഓർമ്മപ്പെടുത്തുന്നു ക്രിസ്ത്യാനേ, നിന്റെ മഹത്വം തിരിച്ചറിഞ്ഞ് അതിന്യോഗ്യനായി ജീവിക്കു. ഈ പ്രാർത്ഥനയുടെ സമയത്തിലേക്ക് കടക്കുമ്പോൾ, ഡിസംബറിന്റെ ആത്മാവ് ദൈവത്തെ തേടുന്ന ദാഹം നമ്മുടെ ഉള്ളിൽ ജ്വലിക്കട്ടെ. ക്രിസ്തു മസിന്റെ ദൈവശിശു നമ്മുടെ ഹൃദയങ്ങളെ മൃദുവാക്കട്ടെ; വീടുകൾ ക്ഷമയുടെയും, കരുണ യുടെയും പ്രകാശം നിറഞ്ഞതാകട്ടെ, നമ്മുടെ ചെറിയ സമൂഹം പ്രത്യാശയുടെയും പ്രകാശകിരണമാകട്ടെ. നവജാതനായ ക്രിസ്തുവിന്റെ വെളിച്ചം നമ്മെ നവീകരിച്ച് അയൽ സമൂഹത്തിലേക്ക് അവന്റെ സ്നേഹം കൊണ്ടുപോകുന്ന ദൂതുകളാക്കി മാറ്റട്ടെ. ഇമ്മാനു വേലിന്റെ സാന്നിധ്യത്തിൽ സമാധാനത്തിന്റെയും പ്രത്യാശയുടേയും സ്വാധീനം ജീവിതങ്ങളെ തൊട്ടുണർത്തട്ടെ.

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

**ലീഡർ :** നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് ''യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ''എന്ന് പറയുന്നു.)

5. **ദാനിയേൽ : 3 : 2968**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.
*(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : വി. ലൂക്കാ 2 :114**

8. **വചനവിചിന്തനം :-**

ലോകം ഏറ്റവും പ്രതീക്ഷയോടെ ആഘോഷിക്കുന്ന തിരുനാളുകളിൽ ഒന്നാണ് ക്രിസ്തുമസ്. എന്നാൽ ക്രിസ്തുമസ് വെറും അലങ്കാരങ്ങളുടെ കാലമോ സമ്മാനം വിനിമയതിന്റെതോ ആഘോഷനിശകളുടേതോ അല്ല. മറിച്ച് മനുഷ്യചരിത്രത്തിലെ ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ വെളിപാടാണ് വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ 1:14) എന്ന ദിവ്യ സത്യമാണ് ക്രിസ്തുവിന്റെ ഹൃദയമിടിപ്പ്. മനുഷ്യനെ സമീപിക്കാനല്ല അവനോടൊപ്പം വസിക്കാനാണ് ദൈവം ഇറങ്ങി വന്നത്. ദൈവം നമ്മോടൊപ്പം വസിക്കാൻ ഇറങ്ങിവന്ന ദിനമാണ് ക്രിസ്തുമസ്. ക്രിസ്തുമസ് മനുഷ്യന്റെ ഇരുട്ടിലേക്ക് ദൈവവെളിച്ചം പകർന്ന നാഴികക്കല്ലാണ്. ക്രിസ്തുമസ് നമ്മെ പഠിപ്പിക്കുന്നത് ദൈവം ചെറിയവനാക്കാൻ തയ്യാറായ സ്നേഹമാണ്. മനുഷ്യനെ ഉയർത്താനായി ദൈവം സ്വയം താഴ്ന്നതിന്റെ സൗമ്യത.ക്രിസ്തുമസിന്റെ വിവിധ പ്രതീകങ്ങൾ.

<u>ആഗമനകാല റീത്ത്</u>:- ആഗമനകാല റീത്ത് ക്രിസ്തുവിന്റെ വരവിലേക്കുള്ള നാല് ആഴ്ചകളുടെ ആത്മീയയാത്രയെ പ്രതിനിധീകരിക്കുന്ന പ്രത്യാശയുടെ മനോഹര ചിഹ്നമാണ്. വൃത്താകൃതിയിലുള്ള കീരിടം ദൈവസ്നേഹത്തിന്റെ അനന്തതയെ സൂചിപ്പിക്കുന്നു. അതിലെ നാല് മെഴുകുതിരികൾ പ്രത്യാശ, ശാന്തി, സന്തോഷം, സ്നേഹം എന്നീ വഴികളിലൂടെ ഇരുട്ടിൽ

നിന്ന് ക്രിസ്തുവിന്റെ വെളിച്ചത്തിലേക്കുള്ള നമ്മുടെ യാത്രയെ വരച്ചുകാട്ടുന്നു. പച്ചിലകളുടെ ചുറ്റും പൊതിഞ്ഞിരിക്കുന്ന കിരീടം കഠിന കാലത്തും നിത്യജീവനും ദൈവത്തിൽ നിലക്കുന്ന ഉറച്ച പ്രത്യാശയും ഓർമ്മിപ്പിക്കുന്നു. ഒരോ ഞായറാഴ്ചയും ഒരു മെഴുകുതിരി തെളിയുമ്പോൾ ലോകത്തിന്റെ ഇരുട്ട് അലിഞ്ഞ്, ക്രിസ്തുവിന്റെ വെളിച്ചം നമ്മുടെ ജീവിതത്തിൽ കൂടുതൽ തെളിഞ്ഞുവരുന്നു.

പുൽക്കൂട് :- ക്രിസ്ത്യനികളുടെ ഹൃദയത്തെ ഏറ്റവും ആഴത്തിൽ സ്പർശിക്കുന്ന ചിഹ്നമാണ് പുൽത്തൊട്ടി. ബേത്‌ലഹേമിലെ ചെറുഗോശാലയെ പുനർനിർമ്മിക്കുന്ന ഈ കാഴ്ച ദൈവം മനുഷ്യനായി വന്ന അത്ഭുതവാർത്തയെ നമ്മുടെ വീടുകളിലും ഹൃദയങ്ങളിലും ജീവിപ്പിക്കുന്നു. ക്രിസ്തു മഹിമയുടെ സിംഹാസനത്തിലല്ല പുൽത്തൊ ട്ടിയുടെ ലാളിത്യത്തിൽ ജനിച്ചു. ഇതിലൂടെ ദൈവസ്നേഹം എല്ലാ താണവരുടെ ജീവിതത്തി ലേക്കും ചെല്ലുന്നുവെന്ന് നാം വീണ്ടും അനുഭവിക്കുന്നു. പുൽക്കൂട് ക്രിസ്തുമസ് അലങ്കാരം മാത്രമല്ല; ദൈവം ഞങ്ങൾക്കിടയിൽ വസിക്കുന്നു (യോഹ 1:14) എന്ന സത്യത്തിന്റെ സ്മരക മാണ്. അതിനാൽ തന്നെ ഓരോ പുല്ത്തൊട്ടിയും നമ്മോട് സൗമ്യമായി ചോദിക്കുന്നു; ഇന്നും ക്രിസ്തുവിന് എന്റെ ഹൃദയത്തിൽ ഒരു ഇടമുണ്ടോ?

ക്രിസ്തുമസ് മരം :- എപ്പോഴും പച്ചയായിരിക്കുന്ന ക്രിസ്തുമസ് മരം ക്രിസ്തുവിൽ നമുക്ക് ലഭിക്കുന്ന നിത്യജീവന്റെ അതിമനോഹരമായ പ്രതീകമാണ്. ശീതകാലത്തും മങ്ങാത്തമര ത്തെപ്പോലെ ദൈവസ്നേഹവും ഒരിക്കലും കെട്ടടങ്ങുകയില്ലെന്ന് ഇത് ക്രിസ്ത്യനികളെ ഓർ മ്മിപ്പിക്കുന്നു. മരം മുഴുവന് അലങ്കരിക്കുന്ന ചെറിയ വിളക്കുകൾ ലോകത്തിന്റെ വെളിച്ചം ഞാൻ ആകുന്നു (യോഹ 8:12) എന്ന് പ്രഖ്യാപിച്ച ക്രിസ്തുവിന്റെ സാന്നിധ്യം വീടുകളിലും ഹൃദയങ്ങളിലും പ്രകാശിക്കണമെന്ന് വിളിച്ചോതുന്നു. അതിനാൽ ക്രിസ്തുമസ് മരം വെറും അലങ്കാരമല്ല ജീവിതം പ്രത്യാശ, പുനർജ്ജനം എന്നിവയുടെ സുവിശേഷചിഹ്നമാണ്.

ക്രിസ്തുമസ് നക്ഷത്രം:- ക്രിസ്തുമസിന്റെ സാന്നിധ്യത്തിന്റെ സന്ദേശം ബേത്‌ലഹേമിൽ നക്ഷത്രം തെളിഞ്ഞപ്പോൾ രാജാക്കന്മാർ തിരിച്ചറിഞ്ഞത് ഒരു മഹത്തായ സത്യം ക്രിസ്തു ഇവിടെ ജനിച്ചിരിക്കുന്നു അതേ നക്ഷത്രത്തിന്റെ പ്രതീകം ഇന്ന് നമ്മുടെ വീടുകളിൽ തെളിയുമ്പോൾ അത് പ്രഖ്യാപിക്കേണ്ട സന്ദേശവും അതുതന്നെ: ഈ വീട്ടിലും ക്രിസ്തു സാന്നിധ്യമുണ്ട്. ക്രിസ്തുമസ് നക്ഷത്രം വെറും പ്രകാശമല്ല; നമ്മുടെ വീടിനെ ക്രിസ്തു വിന്റെ വെളിച്ചം നിറയുന്ന സ്ഥലമാക്കാനുള്ള ഒരു വിളിയാണ്.

സംഗീതം (ഇമ്മീഹ):- ക്രിസ്തുമസ് ഗാനങ്ങൾ വെറും മനോഹരമായ സംഗീതമല്ല; അവ രക്ഷയുടെ ചരിത്രം പാടുന്ന ജീവിത സുവിശേഷമാണ്. ബെത്‌ലഹേമിലെ ആകാശം കീറി മുഴങ്ങി വന്ന ദൂതരുടെ ഗാനം അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം (ലൂക്ക 2:14) ഇന്നും ഓരോ കരോൾഗാനങ്ങളിലും പുതുതായി മുഴങ്ങുന്നു. കരോളുകൾ നമ്മെ ദൈവത്തിന്റെ സന്തോഷത്തിലേക്കു ക്ഷണിക്കുന്നു. ക്രിസ്തുവിന്റെ ജനനം നമ്മുടെ ദുഃഖങ്ങളെ പ്രകാശത്തിലേക്കു മാറ്റും എന്ന് ഓർമ്മിപ്പിക്കുന്നു. ക്രിസ്തുമസ് കരോൾ പാടുന്ന ഒരു വീട് ക്രിസ്തുവിന്റെ സന്തോഷം പങ്കിടുന്ന ഒരു സുവിശേഷകേന്ദ്രമാവുകയാണ്.

ക്രിസ്തുമസ് സമ്മാനങ്ങൾ:- ക്രിസ്തുമസിലെ സമ്മാനങ്ങൾ വെറും വസ്തുക്കൾ അല്ല അവ ദൈവം മനുഷ്യരാശിക്ക് നല്കിയ മഹത്തായ സമ്മാനം യേശു ഓർമ്മിപ്പിക്കുന്നു (യോഹ 3:16). നമ്മുടെ സന്തോഷവും സ്നേഹവും മറ്റുള്ളവരിലേക്ക് കൈമാറുമ്പോഴാണ് ക്രിസ്തു വിന്റെ വെളിച്ചം എത്തുന്നത്. ക്രിസ്തുമസ് സമ്മാനദാനത്തിന്റെ പാരമ്പര്യം സെന്റ് നിക്കോ ളാസ്

ആരംഭിച്ചുവെന്നു വിശ്വാസി പരമ്പരയിൽ പറയുന്നു. അവന് അനാഥരുടെയും ദരിദ്ര രുടെയും ഹൃദയങ്ങളിൽ ദൈവസ്നേഹം എത്തിക്കാൻ സമ്മാനങ്ങൾ വിതരണം ചെയ്തു. അതുപോലെ ഓരോ ചെറിയ സമ്മാനവും നമ്മുടെ സ്നേഹത്തോടുള്ള ദൈവസ്നേഹ ത്തിന്റെ പ്രകടനമായിരിക്കണം ഹൃദയങ്ങളെ സ്നേഹത്തിനും കരുണയ്ക്കും തുറക്കുന്ന പ്രതീകമായിരിക്കണം.

സ്നേഹവും സേവനവും ക്രിസ്തുമസ് വീടുകളെ അലങ്കരിക്കാനുള്ളതല്ല; ഹൃദയങ്ങളെ അലങ്കരിക്കാനുള്ളതാണ്. ക്രിസ്തുമസ് ഭക്ഷണത്തിന്റെയും ആഘോഷത്തിന്റെയും തിരുനാൾ മാത്രമല്ല; പരസ്പര ക്ഷമിക്കാനും ചേർന്ന് നെടുത്താനും, ഒറ്റപ്പെട്ടവരെ ഓർത്തുണരാനും നമ്മെ വിളിക്കുന്ന ദൈവത്തിന്റെ ദിവസം തന്നെയാണ്. ക്രിസ്തുമസിന്റെ യാഥാർത്ഥ ചോദ്യങ്ങൾ ഇതാ ; എന്റെ ഹൃദയം ക്രിസ്തുവിന്റെ ജനനത്തിനായി തയ്യാറാണോ? ഞാൻ മറ്റൊരാളുടെ ഇരുട്ടിലേക്ക് ചെറിയ വെളിച്ചമായിത്തീരാൻ സന്നദ്ധനാണോ? എന്റെ വീട്ടിലും ബന്ധങ്ങളിലും സമാധാനം ജനിക്കാനുള്ള സ്ഥലം ഞാൻ ഒരുക്കിയിട്ടുണ്ടോ?

## ദൗത്യം ഏറ്റെടുക്കൽ

1. യൂണിറ്റ് അടിസ്ഥാനത്തിൽ ഒന്നോ രണ്ടോ നന്മ ചെയ്യുക അത് ഒരു പേപ്പറിൽ എഴുതി ക്രിസ്തുമസ് കേക്കിനോടൊപ്പം പാതിരാ കുർബാനയ്ക്ക് കാഴ്ചവയ്ക്കുക. (നന്മകൾ- പാവപ്പെട്ട കുടുംബത്തെ സാമ്പത്തികമായി സഹായിക്കുക അല്ലെങ്കിൽ യൂണിറ്റിലെ ഏതെങ്കിലും വീട് അറ്റകുറ്റപ്പണി ചെയ്തുകൊടുക്കുക അല്ലെങ്കിൽ അത്യാവശ്യമായി ഓപ്പറേഷൻ ചെയ്യേണ്ട ആൾ ഉണ്ടെങ്കിൽ ആ ആളെ സഹായിക്കുക.)
2. ഓരോ കുടുംബവും പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കുക.
3. വീട്ടിനകത്തുള്ള മദ്യപാനം പൂർണ്ണമായി നിരോധിക്കുക. (ഒരു കാരവശാലും, തമാശയ്ക്ക് പോലും കുട്ടികൾക്ക് 18 വയസ്സിന് താഴെയുള്ളവർക്ക് മദ്യം നൽകാതിരിക്കുക.)
4. വീടും പരിസരവും വൃദ്ധിയാക്കുക; തിരുഹൃദയ ഫോട്ടോ തുടച്ച് വൃത്തിയാക്കി വയ്ക്കുക.
5. ഈ മാസം മുഴുവൻ സാധിക്കുന്ന സമയം ബൈബിൾ വായിക്കുക.

9. റിപ്പോർട്ട്
10. ഹാജർ
11. അടുത്ത യോഗം നിശ്ചയിക്കുക
12. ചർച്ച
13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ.

ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ യൗസേപ്പിതാവേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല മാലാഖമാരേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ അന്തോനീസേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല വിശുദ്ധരേ :**ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

**14. മദ്ധ്യസ്ഥ പ്രാർത്ഥന**

**ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.**

**സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)**

**കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........

നന്മ നിറഞ്ഞ മറിയമേ...........

**15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.**

**16. സമാപന ഗാനം**